Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. No.കെ ഡബ്ല്യൂ എ/HO/E10-4932/2002

തീയതി: 28.04.2021

**സർക്കുലർ**

വിഷയം:- കേരള ജല അതോറിറ്റി - ജീവനക്കാര്യം - തസ്തിക മാറ്റം വഴിയുള്ള നിയമനം / പ്രൊമോഷൻ നേടിയ ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. ഉത്തരവ് നമ്പർ KWA/HO/E10-4932/2002 തീയതി 26.04.2021
2. ഉത്തരവ് നമ്പർ KWA/JB/E9/5569/2015 തീയതി 26.04.2021
3. 27.04.2021 ന് അംഗീകൃത സംഘടനകളുടെ പ്രതിനിധികളുമായി മാനേജിംഗ് ഡയറക്ടർ നടത്തിയ ചർച്ച.

സൂചന പ്രകാരം തസ്തിക മാറ്റം വഴിയുള്ള നിയമനം നേടിയ ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്നത് സംബന്ധിച്ച്, കോവിഡ് വ്യാപന സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജീവനക്കാർ നിലവിലെ തസ്തികയിൽ നിന്ന് വിടുതൽ ചെയ്ത ഉത്തരവ് കൈപ്പറ്റിയശേഷം, പുതിയ തസ്തികയിൽ പ്രവേശിക്കേണ്ട ഓഫീസിൽ സമർപ്പിക്കേണ്ട joining report തയ്യാറാക്കി നിലവിലെ ഓഫിസിൽ ഏൽപ്പിക്കേണ്ടതാണ്.

2. ഓഫീസ് മേധാവികൾ ഈ ജീവനക്കാരുടെ joining report, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം, എന്നിവ സഹിതം ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് ഇ-മെയിലൂടെ നൽകേണ്ടതാണ്. പകർപ്പ് ഹെഡ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്. സർവീസ് ബുക്കും മറ്റു അനുബന്ധരേഖകളും ആവശ്യമായ രേഖപെടുത്തലുകൾ വരുത്തി പുതിയ തസ്തികയിൽ പ്രവേശിക്കേണ്ട ഓഫീസിൽ അയച്ചു കൊടുക്കേണ്ടതാണ്.

3.പ്രൊമോഷൻ നൽകി നിയമിക്കപ്പെട്ട ഓഫീസിലെ ജോലി സ്വഭാവമനുസരിച്ച് ജീവനക്കാർക്ക് നിലവിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ work from home ആയി ജോലികൾ അനുവദിക്കേണ്ടതാണ്. ഇപ്രകാരം work from home അനുവദിക്കുന്ന ഉത്തരവിന്റെ പകർപ്പ് ജീവനക്കാർക്ക് നൽകുന്നതിനൊപ്പം മുൻ ഓഫീസിലേക്കും ഹെഡ് ഓഫീസിലേക്കും നല്കേണ്ടതാണ്.

4. ഈ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ പ്രമോഷൻ നൽകി നിയമിച്ച ഓഫീസിൽ നിന്നും

Draft #44 of File No.KWA/HO/E10-4932/2002 Approved by Chief Engineer (HRD&GL) i/c on 28-Apr-2021 01:58 PM - Page 1

നൽകേണ്ടതാണ്. മാത്രമല്ല സർവീസ് ബുക്കിലും മറ്റു അനുബന്ധരേഖകളിലും സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട രേഖപെടുത്തലുകൾ വരുത്തേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കോവിഡ്-19 നിയന്ത്രണങ്ങൾ നിലനിൽക്കുന്ന കാലയളവുവരെ മാത്രമായിരിക്കുന്നതാണ്.

Gireesan P
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ) i/c

സ്വീകർത്താവ്

എല്ലാ ഓഫീസ് മേധാവികൾക്കും

പകർപ്പ്:-

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

Draft #44 of File No.KWA/HO/E10-4932/2002 Approved by Chief Engineer (HRD&GL) i/c on 28-Apr-2021 01:58 PM - Page 2

The document is digitally approved. Hence signature is not needed.